**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 22** **08-08-2023 - ൽ മറുപടിയ്ക്ക്**

**കെ- ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (എ) | കെ-ഫോൺ പദ്ധതിയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു:-<br><br>6709 കിലോമീറ്റർ ബാക്ക്ബോൺ, 19271 കി.മീ. എ.ഡി.എസ്.എസ് (All-Dielectric Self Supporting Cable), ഒ.എഫ്.സി, ആക്സസ് കേബിൾ, 371 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐറ്റി / നോൺ ഐറ്റി സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>27,651 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 18,195 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 3836 കുടുംബങ്ങൾക്ക് ഇതുവരെ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. |
| (ബി) | പാർശ്വവൽകൃത ജനവിഭാഗങ്ങളേയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരേയും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (ബി) | പാർശ്വവൽകൃത ജനവിഭാഗങ്ങളേയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരേയും കെ-ഫോൺ പദ്ധതിയുടെ ഗുണഭോക്താക്കളാക്കുന്നതിന്, ആദ്യഘട്ടത്തിൽ, ഓരോ നിയമസഭാ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്ക് വീതം ആകെ 14,000 കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ തീരുമാനിക്കുകയും അതിൽ എസ്. സി., എസ്.ടി. വിഭാഗങ്ങൾക്ക് യഥാക്രമം 10%, 3% എന്നിങ്ങനെ മുൻഗണന നിശ്ചയിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. നിലവിൽ 3836 വീട്ടുകളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.<br><br>കൂടാതെ, ഗ്രാമീണ വിദൂര പ്രദേശങ്ങളിൽ Wifi ഹോട്ട്സ്പോട്ട് സ്ഥാപിക്കുന്നതിനുള്ള പ്രവർത്ത നങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വയനാട് ജില്ലയിലെ കണിയാമ്പറ്റ പഞ്ചായത്തിലെ പന്തലാടിക്കുന്ന് കോളനിയിൽ Wifi ഹോട്ട്സ്പോട്ട് സ്ഥാപിച്ചു. തിരുവനന്തപുരം ജില്ലയിലെ സാമൂഹ്യ പഠന മുറികളിൽ Wifi ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. |
| (സി) | ഐ.ടി. രംഗത്ത് വർക്ക് ഫ്രം ഹോം, വർക്ക് നിയർ ഹോം, വർക്ക് എവേ ഫ്രം ഹോം തുടങ്ങിയ രീതികൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം ഈ മേഖലയിലുള്ളവർക്കും ലഭിക്കും വിധം വീട്ടുകളിൽ കെ-ഫോൺ കണക്ഷനുകൾ വ്യാപിപ്പിക്കുന്നതിനുള്ള പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | വിവരസാങ്കേതികവിദ്യയുടെയും ആശയവിനിമയ സാങ്കേതികവിദ്യയുടെയും വ്യാപനത്തിന് കെ-ഫോൺ പദ്ധതി വഴി ഒരുക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ സഹായകരമാകും. മറ്റുള്ള സ്വകാര്യ ടെലികോം കമ്പനികളെ അപേക്ഷിച്ച് കുറഞ്ഞ ചെലവിൽ കേരളത്തിൽ എവിടെയും കെ-ഫോണിന്റെ സേവനം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഫൈബർ ടു ഹോം കണക്ഷൻ നൽകുന്നതിനായുള്ള താരിഫ് പ്ലാനുകൾ അവതരിപ്പിച്ചിട്ടുണ്ട്. കെ-ഫോൺ കണക്ഷൻ കൈകാര്യം ചെയ്യുന്നതിന് സൗകര്യമൊരുക്കുന്നതിനായി എന്റെ KFON (enteKFON) എന്ന മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേസ്റ്റോറിൽ ലഭ്യമാണ്. ആപ്ലിക്കേഷനിലൂടെ വരിക്കാർക്ക് അവരുടെ കെ-ഫോൺ അക്കൗണ്ട് വീക്ഷിക്കാനും താരിഫ് പ്ലാൻ തെരഞ്ഞെടുക്കാനും സാധിക്കും. ആപ്ളിക്കേഷൻ മുഖേനെ രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കളെ ബന്ധപ്പെട്ട് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്. വീട്ടുകളിൽ കെ-ഫോൺ ലഭ്യമാക്കുന്നതിനുള്ള ലാസ്റ്റ് മൈൽ നെറ്റ്വർക്ക് ദാതാവിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത നടപടികൾ പൂർത്തീകരിച്ച ശേഷമാണ് വീട്ടുകളിലേക്കുള്ള വാണിജ്യ കണക്ഷൻ നൽകി തുടങ്ങാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ